POLICE DEPARTMENT

KERALA

**No. E2-31798/2016/KAP-IV**
Kerala Armed Police-IV,
Kannur
cmdtkap4.pol@kerala.gov.in
04972781316
Dated. 29-09-2018

**പുനർ ലേല പരസ്യം**

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പ് കെ.എ.പി. നാലാം ബറ്റാലിയൻ കമാണ്ടൻറിൻറെ അധീനതയിൽ ഉള്ളതും, കാലഹരണപ്പെട്ടതുമായ താഴെ പറയുന്ന വാഹനം 2018 ഒക്ടോബർ മാസം 23 ആം തീയതി ഉച്ചയ്ക്ക് 12 മണിക്ക് കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് പരസ്യമായി പുനർ ലേലം ചെയ്തു വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | ഡീസൽ/പെട്രോൾ | നിരതദ്രവ്യം |
|---|---|---|---|---|---|
| 1 | KL 01 X 9366 | Tata Lorry | 2002 | Diesel | 10000/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിന് ഒരു മണിക്കൂർ മുമ്പായി ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും,മുകളിൽ പറഞ്ഞ വാഹനത്തിന് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

കൂടാതെ ടി ലേലത്തിൽ സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നൽകാൻ താല്പര്യമുള്ളവർ മുദ്ര വച്ച കവറിൽ നിരത ദ്രവ്യമായി മേൽ പറഞ്ഞ നിരക്കിലുള്ള തുക ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കെ.എ.പി.നാലാം ബറ്റാലിയൻ കമാണ്ടൻറിന്റെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം കമാൻഡന്റ് കെ.എ.പി നാലാം ബറ്റാലിയൻ മങ്ങാട്ടുപറമ്പ, കണ്ണൂർ 670567 എന്ന വിലാസത്തിൽ 2018 ഒക്ടോബർ 21ന് വൈകുന്നേരം അഞ്ചു മണിയ്ക്ക് മുന്പായി ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. ടെണ്ടറുകൾ അയക്കുന്ന കവറിനു മുകളിൽ **വാഹന ലേലത്തിനുള്ള ദർഘാസ്** വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ, ദർഘാസിലോ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകക്ക് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻതന്നെ ലേലസംഖ്യയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച് ) ലേലസ്ഥലത്ത് തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുകയും, നിയമാനുസൃത വിൽപ്പന നികുതിയും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് നൽകി 10 ദിവസത്തിനുള്ളിൽ ബറ്റാലിയൻ ഓഫീസിൽ അടച്ച് സ്വന്തം ചെലവിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിനു മുതൽ കൂട്ടുന്നതും, വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരമുള്ള പുനർ ലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ, ആയതിന് മുൻ ലേലക്കാരൻ ഉത്തരവാദിയാകുന്നതും, പ്രസ്തുത നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ടിയാൻ അർഹനായിരിക്കുന്നതല്ല. മേൽ പറഞ്ഞ സാധനങ്ങൾ ലേലത്തിനു മുമ്പുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും, ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസറുടെ അനുമതിയോടെ രാവിലെ 10 മണി മുതൽ 5 മണിവരെ പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ/കാരണമോ കൂടാതെ

ലേലം/ദർഘാസ് മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പൂർണ്ണമായും കെ.എ.പി. നാലാം ബറ്റാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

KORI SANJAYKUMAR GURUDIN IPS
Commandant

| | | |
|---|---|---|
| To | : | സംസ്ഥാന പോലീസ് മേധാവി, കേരളം, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം). |
| Copy To | : | ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ, ആംഡ് പോലീസ് ബറ്റാലിയന്റെ അറിവിലേക്ക് (ആമുഖ കത്ത് സഹിതം). പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ (ആമുഖ കത്ത് സഹിതം). സൂപ്രണ്ട്, Govt പ്രസ്, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം) , പോലീസ് സൂപ്രണ്ട് (എം.ടി) , പോലീസ് ഹെഡ് ക്വാർട്ടേഴ്സ് അറിവിലേക്കായി. സംസ്ഥാനത്തെ എല്ലാ കമ്മീഷണർമാർ/പോലീസ് സൂപ്രണ്ടുമാർ എന്നിവരുടെ അറിവിലേക്കും പ്രചരണത്തിനുമായി, ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർ, കെ.എ. പി. 4-ൻറെ അറിവിലേക്കും അനന്തര നടപടിക്കുമായി, ക്യാഷ്യർ, കെ.എ.പി4, ഓഫീസ് നോട്ടീസ് ബോർഡ്, സ്റ്റോക്ക് ഫയൽ. |